പുള്ള സർവ്വീസ് സഹകരണ സംഘത്തിന് നൽകിയിട്ടുള്ള ചെക്കുകളും, 31-7-2001, 5-7-2002 എന്നീ തീയതികളിൽ തൃശ്ശൂർ കോൾ ഡവലപ്മെന്റ് ഏജൻസിയിൽ നിന്ന് നൽകിയ ചെക്കുകളും മേൽ സൂചിപ്പിച്ചതിൽ ഏതു വിഭാഗത്തിൽപ്പെടുന്നു എന്ന് അറിയിക്കുകയും ചെക്കുകളുടെ നമ്പരോ മറ്റു വിശദാംശങ്ങളോ ലഭ്യമാക്കുകയും ആണെങ്കിൽ പ്രസ്തുത ചെക്കുകൾ മാറിക്കൊടുക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

ട്രഷറി നിയന്ത്രണം

25 (3234) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അനുവദിക്കുന്ന തുകകൾ ട്രഷറികളിൽ നിന്നും ക്ലിയർ ചെയ്തു ലഭിക്കുന്നതിൽ നിലവിൽ വളരെയേറെ കാലതാമസം വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കാര്യം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) വളരെയേറെ കാലതാമസം വരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 'എ'-യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

മുക്കത്ത് സബ് ട്രഷറി സ്ഥാപിക്കാൻ നടപടി

26 (3235) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കത്ത് സബ്ട്രഷറി പ്രവർത്തിക്കാൻ ആവശ്യമായ കെട്ടിടവും, ഫർണിച്ചറും, ടെലിഫോണും മറ്റ് സൗകര്യങ്ങളും സൗജന്യമായി നൽകാൻ പ്രദേശത്തെ ധനകാര്യ സഹകരണ സംഘങ്ങളും ഗ്രാമപഞ്ചായത്ത് രേണ സമിതികളും വിവിധ സംഘങ്ങളും വാഗ്ദാനം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുക്കത്ത് സബ്ട്രഷറി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly